**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 144** **10-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ പോലീസ് സ്റ്റേഷന്റെ ഭൂമി റോഡ് നവീകരണത്തിന് വിട്ടുകിട്ടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലമ്പൂരിലൂടെ കടന്നുപോകുന്ന കെ.എൻ.ജി റോഡ് നവീകരണത്തിന്റെ ഭാഗമായി റോഡ് വീതി കൂട്ടുന്ന ആവശ്യത്തിലേക്ക് നിലമ്പൂർ പോലീസ് സ്റ്റേഷന്റെ ഭൂമി രണ്ട് മീറ്റർ വീതിയിൽ വിട്ടുകിട്ടുന്നതിന് പൊതുമരാമത്ത് വകുപ്പ് ആഭ്യന്തര വകുപ്പിനോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ആയതിന് നൽകിയ മറുപടി എന്താണെന്നും മറുപടിയുടെ പകർപ്പും ലഭ്യമാക്കാമോ; | (എ) | ആവശ്യപ്പെട്ടിരുന്നു. നിലമ്പൂർ പോലീസ് സ്റ്റേഷന്റെ ഗേറ്റും, മതിലും പൊളിച്ച് മാറ്റി റോഡ് നിർമ്മാണത്തിന് വേണ്ടി ഭൂമി വിട്ട് നൽകുന്നത് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാവും എന്നും മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്നതിനാൽ സ്റ്റേഷന്റെ സുരക്ഷയെ ബാധിക്കുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ആവശ്യം ഉന്നയിച്ച് നിലമ്പൂർ എം.എൽ.എ മുഖ്യമന്ത്രിയ്ക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ബഹു. എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം 30.09.2023 ൽ പ്രകാരം ജില്ലാ പോലീസ് മേധാവിക്ക് സ്ഥലം വിട്ടുനൽകുന്നതിന് കത്ത് നൽകിയിരുന്നു. |
| (സി) | വനം വകുപ്പും, റവന്യൂ വകുപ്പും, സ്വകാര്യ വ്യക്തികളും ഇതേ ആവശ്യത്തിന് ഇതിനകം സ്ഥലം വിട്ടുനൽകിയ സ്ഥിതിയ്ക്ക് റോഡ് നവീകരണം തടസ്സപ്പെടാതിരിക്കാൻ നിലമ്പൂർ പോലീസ് സ്റ്റേഷന്റെ മുൻ വശത്തെ സ്ഥലം വിട്ടുനൽകുന്നതിന് നിർദേശം നൽകാമോ; വിശദമാക്കാമോ; | (സി) | നിലവിലുള്ള കെടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിലവിലെ പോലീസ് സ്റ്റേഷൻ കെട്ടിടം പൂർണ്ണമായി പൊളിച്ചു നീക്കി ആധുനിക സൌകര്യങ്ങളോടെ മതിയായ പാർക്കിംഗ് സംവിധാനം സഹിതം പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ട നടപടി സ്വികരിച്ചുകൊണ്ട് മാത്രമേ റോഡിനായി ടി ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ, |
| (ഡി) | പ്രസ്തുത പോലീസ് സ്റ്റേഷന്റെ സുരക്ഷയെ ബാധിക്കാത്ത വിധത്തിൽ സ്ഥലം ഏറ്റെടുത്ത് ചുറ്റുമതിൽ പൊതുമരാമത്ത് ഫണ്ടിൽ തന്നെ പുനർനിർമ്മിക്കാം എന്നിരിക്കെ ഇക്കാര്യത്തിൽ ഇനി എന്തുതടസ്സങ്ങളാണുള്ളതെന്ന് അറിയിക്കാമോ; | (ഡി) | നിലവിലുള്ള കെടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിലവിലെ പോലീസ് സ്റ്റേഷൻ കെട്ടിടം പൂർണ്ണമായി പൊളിച്ചു നീക്കി ആധുനിക സൌകര്യങ്ങളോടെ മതിയായ പാർക്കിംഗ് സംവിധാനം സഹിതം പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ട നടപടി സ്വികരിച്ചുകൊണ്ട് മാത്രമേ റോഡിനായി ടി ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ, |
| (ഇ) | ആഭ്യന്തര വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ പൊതുആവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിൽ അന്തിമ | (ഇ) | കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ |

| | | | |
|---|---|---|---|
| | തീരുമാനമെടുക്കേണ്ടത് ആരാണെന്ന് അറിയിക്കാമോ; ആയതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | | ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ ഭൂ സംരക്ഷണം, ഭൂമിയേറ്റെടുക്കൽ തുടങ്ങിയ കർത്തവ്യങ്ങൾ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ആഭ്യന്തര വകുപ്പിന്റെ കൈവശമുള്ള സ്ഥലങ്ങൾ പൊതു ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിന് വകുപ്പിന്റെ നിരാക്ഷേപ പത്രം നൽകുന്നമുറക്ക് റവന്യൂ വകുപ്പിൽ നിന്ന് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഭരണഭാഷ - മാതൃഭാഷ

# പോലീസ് വകുപ്പ്

# കേരളം


**No. G2-92273/2023/MM**
ജില്ലാ പോലീസ് ഓഫീസ്,
മലപ്പുറം
spmpm.pol@kerala.gov.in
04832734983

തീയതി. 15-11-2023

പ്രേഷകൻ

ജില്ലാ പോലീസ് മേധാവി,
മലപ്പുറം.

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം),
മഞ്ചേരി -67612.

സർ,

വിഷയം : നിലമ്പൂർ നഗരം -റോഡ് വീതികൂട്ടുന്നത് -സംബന്ധിച്ച്.

സൂചന : താങ്കളുടെ 30.09.2023 തീയതിയിലെ No.EA6-4787/2023 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

അന്തർ സംസ്ഥാനപാതയായ കോഴിക്കോട് - നിലമ്പൂർ - ഗൂഡല്ലൂർ (KNG) റോഡിൽ നിലമ്പൂർ നഗരത്തിൽ വീതി കൂട്ടുന്നതിന്റെ ഭാഗമായി നിലമ്പൂർ പോലീസ് സ്റ്റേഷന്റെ ഭൂമി വിട്ടുനൽകുന്നതിനു മേൽ സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു. നിലമ്പൂർ പോലീസ് സ്റ്റേഷൻ 2013 വർഷം മുതൽ മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന പോലീസ് സ്റ്റേഷനാണ്. നിലവിൽ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് 26 സെന്റ് സ്ഥലത്താണ്. മേൽ ആവശ്യപ്പെട്ട പ്രകാരം ഭൂമി വിട്ട് നൽകുകയാണെങ്കിൽ പോലീസ് സ്റ്റേഷന്റെ മുൻവശത്ത് മാവോയിസ്റ്റ് ഭീഷണി പ്രതിരോധിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള ചുറ്റുമതിലും, ഗെയിറ്റും പൊളിച്ച് മാറ്റേണ്ടി വരും. ആയത് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിനു തടസ്സവും, സുരക്ഷക്ക് വളരെയധികം ഭീഷണിയും സൃഷ്ടിക്കുന്നതാണ്. പ്രസ്തുത സ്ഥലം വിട്ട് നൽകുന്നതോട് കൂടി സ്റ്റേഷന്റെ മുൻപിൽ സ്റ്റേഷൻ വാഹനങ്ങൾ പോലും പാർക്ക് ചെയ്യാൻകഴിയാത്ത സ്ഥിതിയുണ്ടാകുന്നതാണ്.

റോഡു വികസനം ആവശ്യമാണ് എങ്കിലും, നിലവിലെ അവസ്ഥയിൽ നിലമ്പൂർ പോലീസ് സ്റ്റേഷന്റെ ഭൂമി ടി ആവശ്യത്തിനായി വിട്ടുനൽകുന്നപക്ഷം പോലീസ് സ്റ്റേഷന്റെ പ്രവർത്തനം അത്യന്തം ദുഷ്കരമാകുന്ന സ്ഥിതിയുണ്ടാകുന്നതാണ്.

ഈ സാഹചര്യത്തിൽ നിലവിലുള്ള പോലീസ് സ്റ്റേഷൻ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിലവിലെ പോലീസ് സ്റ്റേഷൻ കെട്ടിടം പൂർണ്ണമായി പൊളിച്ച് നീക്കി ആധുനിക സൗകര്യങ്ങളോടെ മതിയായ പാർക്കിംഗ് സംവിധാനവും, ചുറ്റുമതിലും സഹിതം പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചുകൊണ്ടു മാത്രമേ റോഡിനായി നിലമ്പൂർ പോലീസ് സ്റ്റേഷൻറെ ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

പ്രദീപ് പി.എം.
അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്
For District Police Chief

പകർപ്പ് :
1. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ,നിലമ്പൂർ .
2. എസ് എച്ച് ഓ, നിലമ്പൂർ പോലീസ് സ്റ്റേഷൻ